**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത** **26.03.2018-ൽ മറുപടിക്ക്**
**ചോദ്യം നം. 5396**

## മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ

| | **ചോദ്യം** | | **ഉത്തരം** |
|---|---|---|---|
| | **ശ്രീ.എം. വിൻസെന്റ്**<br>**,, അൻവർ സാദത്ത്**<br>**,, പി.ടി. തോമസ്**<br>**,, സണ്ണി ജോസഫ്** | | **ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ ജോലി ഉറപ്പു വരുത്തുന്നതിനായി മത്സ്യവകുപ്പ് നേരിട്ടും മത്സ്യഫെഡ്, തീരദേശ വികസന കോർപ്പറേഷൻ വഴിയും സാഫ് വഴിയും പദ്ധതികൾ നടപ്പാക്കി വരുന്നു ണ്ട്.<br><br>മത്സ്യത്തൊഴിലാളികൾക്ക് ജോലി ഉറപ്പു വരുത്തുന്നതിനായി മത്സ്യഫെഡ് എൻ.സി.ഡി.സി. ധനസഹായത്തോടു കൂടി ഐ.എഫ്.ഡി.പി പദ്ധതി വഴി മത്സ്യബന്ധനോപകരണങ്ങൾ വായ്പ യായി വിതരണം ചെയ്തു വരുന്നു. എൻ.ബി.സി.എഫ്.ഡി.സി./എൻ.എം.ഡി.എഫ്.സി ധനസഹായത്തോടു കൂടിയുള്ള മൈക്രോഫിനാൻസ് പദ്ധതി പ്രകാരം സ്വയം സഹായ ഗ്രൂപ്പുകൾക്കും ടേം ലോൺ പദ്ധതി പ്രകാരം വ്യക്തികൾക്കും തൊഴിൽ ചെയ്യുന്നതിനായി വായ്പ നൽകി വരുന്നു. പലിശരഹിത വായ്പാ പദ്ധതി പ്രകാരം മത്സ്യ കച്ചവടം ചെയ്യുന്നതിന് വനിതകൾക്ക് പലിശ ഇല്ലാതെ 20,000 രൂപ വരെ വായ്പ നൽകി വരുന്നു.<br><br>സാഫ് മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലും വരുമാനവും ലഭിക്കുന്നതിനായി തീരമൈത്രി പദ്ധതിയിലൂടെ ലഘുസംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം നൽകുന്നു. കൂടാതെ അഭ്യസ്ത വിദ്യരായ യുവതികൾക്ക് വ്യക്തിത്വ വികസനം, നേതൃത്വ പാടവം, ആശയവിനിമയശേഷി തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകി അവരെ ജോലിയ്ക്ക് പ്രാപ്തരാക്കുന്നതിനായി തീരനൈപുണ്യ പദ്ധതി സാഫ് മുഖേന നടപ്പിലാക്കുന്നു.<br><br>കൂടാതെ മത്സ്യങ്ങളിൽ നിന്നും മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം നല്കുന്നതിനോടൊപ്പം അത് വഴിയുള്ള തൊഴിൽ സാഹചര്യവും കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മത്സ്യത്തൊഴിലാളി വനിതകൾക്കായി നടപ്പിലാക്കി വരുന്നു ണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇതിനായി ഏതൊക്കെ പദ്ധതികളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | മത്സ്യഫെഡ് എൻ.സി.ഡി.സി. ധനസഹായത്തോടുകൂടി ഐ.എഫ്.ഡി.പി പദ്ധതി, എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി ധനസഹായത്തോടു കൂടിയുള്ള മൈക്രോഫിനാൻസ്, ടേം ലോൺ, പലിശരഹിത വായ്പാ പദ്ധതി എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>സാഫ് മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി തീരമൈത്രി പദ്ധതിയും അഭ്യസ്തവിദ്യരായ വനിതകൾക്കായി തീരനൈപുണ്യ പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | ഇവരുടെ ജോലി സംബന്ധമായ പരിശീലനത്തിന് പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്; വിവരിക്കാമോ? | (സി) | ഫിഷറീസ് വകുപ്പ് മുഖേന സാഫ് തീരമൈത്രി പദ്ധതിയിൽ ഗുണഭോക്താക്കളായ വനിതകൾക്ക് ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻപായി അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, അക്കൗണ്ടിങ്ങ് ട്രെയിനിങ്ങ് തുടങ്ങിയവയും തുടർന്ന് ആവശ്യമുള്ള മേഖലകളിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനങ്ങളും നൽകി വരുന്നു. 2 മാസം നീണ്ടു നിൽക്കുന്ന തീര നൈപുണ്യ പദ്ധതിയിൽ ഒരു മാസം നീണ്ടുനിൽക്കുന്ന ക്ലാസ്സ് റൂം ട്രെയിനിങ്ങും ഒരു മാസം വിവിധ സ്ഥാപനങ്ങളിലെ പരിശീലനവുമാണ് നൽകുന്നത്. |

സെക്ഷൻ ഓഫീസർ